# മധുരമായ കുട്ടികളെ – നിങ്ങൾക്ക് പവിത്രമാകാതെ തിരിച്ച് പോകാൻ സാധിക്കില്ല അതുകൊണ്ട് ബാബയുടെ ഓർമ്മയിലൂടെ ആത്മാവിനെ ചാർജ്ജ് ചെയ്യൂ സ്വാഭാവികമായ പവിത്രമാകൂ

**ചോദ്യം:–** ബാബ നിങ്ങൾ കുട്ടികളെ വീട്ടിലേക്ക് പോകുന്നതിന് മുൻപേ ഏതൊരു കാര്യമാണ് പഠിപ്പിക്കുന്നത്?

**ഉത്തരം:–** കുട്ടികളെ, വീട്ടിലേക്ക് പോകുന്നതിന് മുമ്പെ ജീവിച്ചിരിക്കെ മരിക്കണം അതുകൊണ്ട് ബാബ ആദ്യം തന്നെ നിങ്ങളെ കൊണ്ട് ദേഹ–ബോധത്തിൽ നിന്ന് ഉപരി പോകുന്നതിന്റെ അഭ്യാസം ചെയ്യിക്കുന്നു അതായത് മരിക്കാൻ പഠിപ്പിക്കുന്നു. മുകളിലേക്ക് പോകുക അർത്ഥം മരിക്കുക. പോകുന്നതിന്റെയും വരുന്നതിന്റെയും ജ്ഞാനം ഇപ്പോൾ നിങ്ങൾക്ക് ലഭിച്ചിരിക്കുന്നു. നിങ്ങൾക്കറിയാം നമ്മൾ ആത്മാക്കൾ മുകളിൽ നിന്നാണ് വന്നത്. നമ്മൾ യഥാർത്ഥത്തിൽ അവിടുത്തെ നിവാസികളാണ്, ഇപ്പോൾ അവിടേക്ക് തന്നെ തിരിച്ച് പോകണം.

**ഓം ശാന്തി**. സ്വയത്തെ ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കുന്നതിൽ യാതൊരു ബുദ്ധിമുട്ടുമില്ല, ക്ഷീണിക്കരുത്. ഇതിനെയാണ് പറയുന്നത് സഹജമായ ഓർമ്മ. ഏറ്റവും ആദ്യം സ്വയത്തെ ആത്മാവെന്ന് തന്നെ മനസ്സിലാക്കണം. ആത്മാവ് തന്നെയാണ് ശരീരത്തിലൂടെ പാർട്ടഭിനയിക്കുന്നത്. സംസ്ക്കാരവും ആത്മാവിൽ തന്നെയാണുള്ളത്. ആത്മാവ് എല്ലാത്തിൽ നിന്നും വേറിട്ടതാണ്. ബാബ പറയുന്നു സ്വയത്തെ ആത്മാവെന്ന് മനസ്സിലാക്കി പിതാവായ എന്നെ ഓർമ്മിക്കൂ. ഈ ജ്ഞാനം ഈ സമയത്ത് മാത്രമാണ് നിങ്ങൾക്ക് ലഭിക്കുന്നത്, പിന്നീട് ലഭിക്കില്ല. നിങ്ങളുടെ ഈ ശാന്തിയിലിരിക്കൽ ലോകത്തിനറിയില്ല, ഇതിനെയാണ് പറയുന്നത് യഥാർത്ഥ ശാന്തി. നമ്മൾ ആത്മാക്കൾ മുകളിൽ നിന്നാണ് വന്നത്, ഈ ശരീരത്തിലൂടെ പാർട്ടഭിനയിക്കാൻ. നമ്മൾ ആത്മാക്കൾ യഥാർത്ഥത്തിൽ അവിടത്തെ നിവാസിയാണ്. ഈ ജ്ഞാനം ബുദ്ധിയിലുണ്ട്. അല്ലാതെ ഇതിൽ ഹഠയോഗത്തിന്റെ ഒരുകാര്യവുമില്ല, തീർത്തും സഹജമാണ്. ഇപ്പോൾ നമ്മൾ ആത്മാക്കൾക്ക് വീട്ടിലേക്ക് പോകണം എന്നാൽ പവിത്രമാകാതെ പോകാൻ സാധിക്കില്ല. പവിത്രമാകാൻ വേണ്ടി പരമാത്മാവായ ബാബയെ ഓർമ്മിക്കണം. ഓർമ്മിച്ചോർമ്മിച്ച് പാപം ഇല്ലാതാകും. ബുദ്ധിമുട്ടിന്റെ ഒരുകാര്യവും തന്നെയില്ല. നിങ്ങൾ നടക്കാൻ പോകുകയാണെങ്കിൽ ബാബയുടെ ഓർമ്മയിൽ നടക്കൂ. ഇപ്പോൾ മാത്രമാണ് ഓർമ്മയിലൂടെ പാവനമാകാൻ സാധിക്കുന്നത്. അവിടെ ആ ലോകം തന്നെ പവിത്രമാണ്. അവിടെ ആ പാവന ലോകത്തിൽ ഈ ജ്ഞാനത്തിന്റെ ഒരാവശ്യവുമില്ല എന്തുകൊണ്ടെന്നാൽ അവിടെ ഒരു വികർമ്മവും ഉണ്ടാകുന്നില്ല. ഇവിടെ ഓർമ്മയിലൂടെ വികർമ്മം വിനാശമാക്കണം. ഏതുപോലെയാണോ നിങ്ങൾ ഇവിടെ ജീവിക്കുന്നത് അതുപോലെ അവിടെയും നിങ്ങൾ സ്വാഭാവികമായാണ് ജീവിക്കുന്നത്. പിന്നീട് അൽപാൽപം താഴേക്കിറങ്ങുന്നു. അല്ലാതെ അവിടെയും നിങ്ങൾക്ക് ഈ അഭ്യാസം ചെയ്യണമെന്നല്ല. അഭ്യാസം ഇപ്പോൾ മാത്രമാണ് ചെയ്യേണ്ടത്. ബാറ്ററി ഇപ്പോൾ ചാർജ്ജ് ചെയ്യണം പിന്നീട് പതുക്കെ–പതുക്കെ ബാറ്ററി ഡിസ്ചാർജ്ജാകുക തന്നെ വേണം. ബാറ്ററി ചാർജ്ജാകുന്നതിനുള്ള ജ്ഞാനം ഇപ്പോൾ ഒരേഒരു പ്രാവശ്യം മാത്രമാണ് നിങ്ങൾക്ക് ലഭിക്കുന്നത്. സതോപ്രധാനത്തിൽ നിന്ന് തമോപ്രധാനമാകാൻ നിങ്ങൾക്ക് എത്ര സമയമാണെടുക്കുന്നത്! തുടക്കം മുതലേ അൽപാൽപം ബാറ്ററി കുറയാൻ തുങ്ങുന്നു. മൂലവതനത്തിലാണെങ്കിൽ ആത്മാക്കൾ മാത്രമാണുള്ളത്. ശരീരമില്ല. അതുകൊണ്ട് സ്വാഭാവികമായി ഇറങ്ങുന്നതിന്റെ അർത്ഥം ബാറ്ററി കുറയുന്നതിന്റെ കാര്യം തന്നെയില്ല. വാഹനം ഓടുമ്പോഴാണ് ബാറ്ററി കുറയുന്നത്. വാഹനം നിൽക്കുകയാണെങ്കിൽ ബാറ്ററി പ്രവർത്തിക്കില്ല. വാഹനം എപ്പോഴാണോ പ്രവർത്തിക്കുന്നത് അപ്പോഴാണ് ബാറ്ററി ഉപയോഗിക്കുന്നത്. വാഹനത്തിൽ ബാറ്ററി ചാർജ്ജായിക്കൊണ്ടിരിക്കുമെങ്കിലും നിങ്ങളുടെ ബാറ്ററി ഒരേഒരു പ്രാവശ്യം ഈ സമയത്താണ് ചാർജ്ജാകുന്നത്. പിന്നീട് നിങ്ങൾ എപ്പോഴാണോ ഇവിടെ കർമ്മം ചെയ്യുന്നത് അപ്പോൾ വീണ്ടും അൽപം ബാറ്ററി കുറയുന്നു. ഏറ്റവും ആദ്യം മനസ്സിലാക്കി കൊടുക്കണം അത് പരമപിതാവാണ് അവരെയാണ് എല്ലാവരും ഓർമ്മിക്കുന്നത്. അല്ലയോ ഭഗവാനെന്ന് പറയുന്നുണ്ട്, അത് അച്ഛനാണ്, നമ്മൾ കുട്ടികളാണ്. ഇവിടെ നിങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കി തരുന്നു, ബാറ്ററി എങ്ങനെയാണ് ചാർജ്ജ് ചെയ്യേണ്ടതെന്ന്. നടക്കുമ്പോഴും ചുറ്റികറങ്ങുമ്പോഴും, ബാബയെ ഓർമ്മിക്കുകയാണെങ്കിൽ സതോപ്രധാനമായി തീരും. ഏതെങ്കിലും കാര്യം മനസ്സിലായിട്ടില്ലെങ്കിൽ ചോദിക്കാം. ഇത് വളരെ സഹജമാണ്. അയ്യായിരം വർഷങ്ങൾക്ക് ശേഷം നമ്മുടെ ബാറ്ററി ഡിസ്ചാർജ്ജാകുന്നു. ബാബ വന്ന് എല്ലാവരുടെയും ബാറ്ററി ചാർജ്ജ് ചെയ്ത് തരുന്നു. വിനാശത്തിന്റെ സമയത്ത് എല്ലാവരും ഈശ്വരനെ ഓർമ്മിക്കുന്നു. വെള്ളപ്പൊക്കമുണ്ടായെന്ന് കരുതുക, അപ്പോൾ

ഭക്തരാണെങ്കിൽ എല്ലാവരും ഭഗവാനെ തന്നെയല്ലേ ഓർമ്മിക്കുക എന്നാൽ ആ സമയത്ത് ഭഗവാന്റെ ഓർമ്മ വരിക സാധ്യമല്ല. മിത്ര-സംബന്ധി, ധന-സമ്പത്ത് തന്നെ ഓർമ്മ വരുന്നു. അല്ലയോ ഭഗവാനെന്നല്ലാം പറയുമെങ്കിലും എന്നാൽ അത് വാക്കിൽ മാത്രമായിരിക്കും. ഭഗവാൻ പിതാവാണ്, നമ്മൾ അവരുടെ മക്കളാണ്. ഇതാണെങ്കിൽ അറിയുന്നതേയില്ല. അവർക്ക് സർവ്വവ്യാപിയുടെ തലതിരിഞ്ഞ ജ്ഞാനമാണ് ലഭിക്കുന്നത്. ബാബ വന്ന് ശരിയായ ജ്ഞാനം നൽകുന്നു. ഭക്തിയുടെ ഡിപ്പാർട്ട്മെന്റ് തന്നെ വേറെയാണ്. ഭക്തിയിൽ ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടതായുണ്ട്. ബ്രഹ്മാവിന്റെ രാത്രി അത് ബ്രാഹ്മണരുടെയും രാത്രിയാണ്. ബ്രഹ്മാവിന്റെ പകൽ അത് ബ്രാഹ്മണരുടെയും പകലാണ്. ഇങ്ങനെ പറയില്ല ശൂദ്രരുടെ പകൽ, ശൂദ്രരുടെ രാത്രി. ഈ രഹസ്യം ബാബ ഇരുന്ന് മനസ്സിലാക്കി തരുന്നു. ഇതാണ് പരിധിയില്ലാത്ത രാത്രി അഥവാ പകൽ. ഇപ്പോൾ നിങ്ങൾ പകലിലേക്ക് പോകുകയാണ്, രാത്രി പൂർത്തിയാകുകയാണ്. ഈ അക്ഷരം ശാസ്ത്രങ്ങളിലുണ്ട്. ബ്രഹ്മാവിന്റെ പകൽ, ബ്രഹ്മാവിന്റെ രാത്രിയെന്ന് പറയുന്നുണ്ട്, എന്നാൽ അറിയുന്നില്ല. നിങ്ങളുടെ ബുദ്ധി ഇപ്പോൾ പരിധിയില്ലാത്തതിലേക്ക് പോയിരിക്കുന്നു. ഇത് ദേവതകളുടേതായും പറയാം - വിഷ്ണുവിന്റെ പകൽ, വിഷ്ണുവിന്റെ രാത്രി എന്തുകൊണ്ടെന്നാൽ വിഷ്ണുവിന്റെയും ബ്രഹ്മാവിന്റെയും സംബന്ധവും മനസ്സിലാക്കി തന്നിട്ടുണ്ട്. ത്രിമൂർത്തിയുടെ കർത്തവ്യം എന്താണ് - മറ്റാർക്കും മനസ്സിലാക്കാൻ സാധിക്കില്ല. അവരാണെങ്കിൽ ഭഗവാനെ മത്സ്യത്തിലേക്കും-കൂർമ്മത്തിലേക്കും അല്ലെങ്കിൽ ജനന-മരണ ചക്രത്തിലേക്ക് കൊണ്ട് വന്നിരിക്കുന്നു. രാധയും-കൃഷ്ണനും തുടങ്ങിയവരും മനുഷ്യരാണ്, എന്നാൽ ദൈവീക ഗുണങ്ങളുള്ളവരാണ്. ഇപ്പോൾ നിങ്ങൾക്ക് ഇതുപോലെയാകണം. അടുത്ത ജന്മത്തിൽ ദേവതയാകും. 84 ജന്മങ്ങളുടെ കണക്കുണ്ടായിരുന്നു ഇപ്പോൾ അത് പൂർത്തിയായി. വീണ്ടും ആവർത്തിക്കും. ഇപ്പോൾ നിങ്ങൾക്ക് ഈ അറിവ് ലഭിച്ചുകൊണ്ടിരിക്കുന്നു.

ബാബ പറയുന്നു - മധുര-മധുരമായ കുട്ടികളെ, സ്വയത്തെ ആത്മാവാണെന്ന് നിശ്ചയം ചെയ്യൂ. പറയുന്നുമുണ്ട് നമ്മൾ അഭിനേതാക്കളാണ്. എന്നാൽ നമ്മൾ ആത്മാക്കൾ മുകളിൽ നിന്ന് എങ്ങനെയാണ് വരുന്നത്- ഇത് മനസ്സിലാക്കുന്നില്ല. സ്വയത്തെ ദേഹധാരിയെന്ന് തന്നെയാണ് മനസ്സിലാക്കുന്നത്. നമ്മൾ ആത്മാക്കൾ മുകളിൽ നിന്ന് വരുന്നു പിന്നീട് എപ്പോൾ പോകും? മുകളിലേക്ക് പോകുകയെന്നാൽ മരിക്കുക, ശരീരം ഉപേക്ഷിക്കണം. മരിക്കാൻ ആരാണ് ആഗ്രഹിക്കുന്നത്? ഇവിടെ ബാബ പറഞ്ഞിട്ടുണ്ട് നിങ്ങൾ ഈ ശരീരത്തെ മറന്നുകൊണ്ടേ പോകൂ. ജീവിച്ചിരിക്കെ മരിക്കാൻ നിങ്ങളെ പഠിപ്പിക്കുന്നു, അത് മറ്റാർക്കും പഠിപ്പിക്കാൻ സാധിക്കില്ല. നിങ്ങൾ വന്നിരിക്കുന്നത് തന്നെ തന്റെ വീട്ടിലേക്ക് പോകാൻ വേണ്ടിയാണ്. വീട്ടിലേക്ക് എങ്ങനെയാണ് പോകേണ്ടത്- ഈ ജ്ഞാനം ഇപ്പോൾ മാത്രമാണ് ലഭിക്കുന്നത്. ഇത് നിങ്ങളുടെ മൃത്യുലോകത്തിലെ അന്തിമ ജന്മമാണ്. അമരലോകമെന്ന് സത്യയുഗത്തെയാണ് പറയുന്നത്. ഇപ്പോൾ നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലുണ്ട് - നമുക്ക് വേഗം-വേഗം പോകണം. ഏറ്റവും ആദ്യം വീട്ടിലേക്ക് മുക്തിധാമത്തിലേക്ക് പോകേണ്ടതായുണ്ട്. ഈ ശരീരമാകുന്ന വസ്ത്രം ഇവിടെ തന്നെ ഉപേക്ഷിക്കണം പിന്നീട് ആത്മാവ് വീട്ടിലേക്ക് പോകും. ഏതുപോലെയാണോ പരിധിയുള്ള നാടകത്തിലെ അഭിനേതാക്കളുള്ളത്, നാടകം പൂർത്തിയായാൽ വേഷം അവിടെ തന്നെ ഉപേക്ഷിച്ച് വീട്ടിലേക്കുള്ള വസ്ത്രം ധരിച്ച് വീട്ടിലേക്ക് പോകുന്നു. നിങ്ങൾക്കും ഇപ്പോൾ ഈ വസ്ത്രം ഉപേക്ഷിക്കണം. സത്യയുഗത്തിലാണെങ്കിൽ കുറച്ച് ദേവതകളാണുണ്ടാകുന്നത്. ഇവിടെയാണെങ്കിൽ എത്ര മനുഷ്യരാണ് അസംഖ്യമുണ്ട്. അവിടെ ഉണ്ടായിരിക്കുന്നത് ഒരു ആദിസനാതന ദേവീ-ദേവതാ ധർമ്മം മാത്രമാണ്. ഇപ്പോഴാണെങ്കിൽ സ്വയത്തെ ഹിന്ദുവെന്ന് പറയുന്നു. തന്റെ ശ്രേഷ്ഠമായ ധർമ്മത്തെയും കർമ്മത്തെയും മറന്നിരിക്കുന്നു അപ്പോഴാണ് ദുഃഖിയായത്. സത്യയുഗത്തിൽ നിങ്ങളുടെ ധർമ്മവും കർമ്മവും ശ്രേഷ്ഠമായിരുന്നു. ഇപ്പോൾ കലിയുഗത്തിൽ ധർമ്മം ഭ്രഷ്ടമാണ്. ബുദ്ധിയിൽ വരുന്നുണ്ട് നമ്മൾ എങ്ങനെയാണ് വീണതെന്ന്? ഇപ്പോൾ നിങ്ങൾ പരിധിയില്ലാത്ത അച്ഛന്റെ പരിചയം നൽകുന്നു. പരിധിയില്ലാത്ത ബാബ തന്നെയാണ് വന്ന് പുതിയ ലോകം സ്വർഗ്ഗം രചിക്കുന്നത്. പറയുന്നു മൻമനാഭവ. ഇത് ഗീതയുടെ തന്നെ അക്ഷരമാണ്. സഹജ രാജയോഗ ജ്ഞാനത്തിന്റെ പേരാണ് ഗീത എന്ന് വച്ചിരിക്കുന്നത്. ഇത് നിങ്ങളുടെ പാഠശാലയാണ്. കുട്ടികൾ വന്ന് പഠിക്കുമ്പോൾ പറയും നമ്മുടെ ബാബയുടെ പാഠശാലയാണ്. ഏതെങ്കിലും കുട്ടിയുടെ അച്ഛൻ പ്രിൻസിപ്പാളാണെങ്കിൽ പറയും ഞാനെന്റെ അച്ഛന്റെ കോളേജിലാണ് പഠിക്കുന്നത്. അവരുടെ അമ്മയും പ്രിൻസിപ്പാളാണെങ്കിൽ പറയും എന്റെ അച്ഛനും-അമ്മയും രണ്ട് പേരും പ്രിൻസിപ്പാളാണ്. രണ്ട് പേരും പഠിപ്പിക്കുന്നുണ്ട്. എന്റെ അച്ഛന്റേയും- അമ്മയുടേയും കോളേജാണ്. നിങ്ങൾ പറയും ഞങ്ങളുടെ മാതാ-പിതാവിന്റെ പാഠശാലയാണ്. രണ്ട് പേരും തന്നെ പഠിപ്പിക്കുന്നുണ്ട്. രണ്ട് പേരും ചേർന്നാണ് ഈ ആത്മീയ യൂണിവേഴ്സിറ്റി തുറന്നത്. രണ്ട് പേരും ഒരുമിച്ചാണ് പഠിപ്പിക്കുന്നത്. ബ്രഹ്മാവ് ദത്തെടുത്തതല്ലേ. ഇത് വളരെ ഗുഹ്യമായ ജ്ഞാനത്തിന്റെ കാര്യമാണ്. ബാബ ഒരു പുതിയ കാര്യവുമല്ല മനസ്സിലാക്കി തരുന്നത്. ഇതാണെങ്കിൽ കൽപം മുൻപും ജ്ഞാനം തന്നിട്ടുണ്ട്. ഹാ, ഇത്രയും ജ്ഞാനമുണ്ട് അത് ദിനം-പ്രതിദിനം ഗുഹ്യമായിക്കൊണ്ടിരിക്കും. ആത്മാവിന്റെ ജ്ഞാനം

നോക്കൂ ഇപ്പോൾ നിങ്ങൾക്ക് എങ്ങനെയാണ് ലഭിക്കുന്നത്. ഇത്രയും ചെറിയ ആത്മാവിൽ 84 ജന്മങ്ങളുടെ ഭാഗം അടങ്ങിയിട്ടുണ്ട്. അതൊരിക്കലും നശിക്കുന്നില്ല. ആത്മാവ് അവിനാശിയാണ് അതുകൊണ്ട് അതിലെ പാർട്ടും അവിനാശിയാണ്. ആത്മാവ് കാതുകളിലൂടെ കേട്ടു. ശരീരമുണ്ടെങ്കിൽ പാർട്ടുമുണ്ട്. ശരീരത്തിൽ നിന്ന് ആത്മാവ് വേറിടുകയാണെങ്കിൽ ഉത്തരം ലഭിക്കില്ല. ഇപ്പോൾ ബാബ പറയുന്നു– കുട്ടികളെ നിങ്ങൾക്ക് തിരിച്ച് വീട്ടിലേക്ക് പോകണം. ഈ പുരുഷോത്തമ യുഗം എപ്പോഴാണോ വരുന്നത് അപ്പോൾ തന്നെയാണ് വീട്ടിലേക്ക് പോകേണ്ടത്, ഇതിൽ പവിത്രത തന്നെയാണ് മുഖ്യമായും വേണ്ടത്. ശാന്തിധാമത്തിൽ പവിത്രമായ ആത്മാക്കൾ മാത്രമാണ് വസിക്കുന്നത്. ശാന്തിധാമവും സുഖധാമവും രണ്ടും തന്നെ പവിത്രമായ വസതികളാണ്. ശാന്തിധാമത്തിൽ ശരീരമില്ല. ആത്മാവ് പവിത്രമാണ്, അവിടെ ബാറ്ററി ഡിസ്ച്ചാർജ്ജാകുന്നില്ല. ഇവിടെ ശരീരം ധരിക്കുന്നതിലൂടെയാണ് യന്ത്രം പ്രവർത്തിക്കുന്നത്. വാഹനം നിർത്തിയിട്ടിരിക്കുകയാണെങ്കിൽ പെട്രോൾ കുറയില്ല. ഇപ്പോൾ നിങ്ങൾ ആത്മാവിന്റെ പ്രകാശം വളരെ കുറഞ്ഞിരിക്കുന്നു. തീർത്തും അണഞ്ഞുപോകുകയില്ല. ആരെങ്കിലും മരിക്കുമ്പോൾ ദീപം കത്തിക്കാറുണ്ട്. പിന്നീട് അത് അണഞ്ഞ് പോകാതെ വളരെ സംരക്ഷിക്കുന്നു. ആത്മാവിന്റെ ജ്യോതി ഒരിക്കലും അണയുന്നില്ല, അത് അവിനാശിയാണ്. ഈ എല്ലാ കാര്യങ്ങളും ബാബയിരുന്ന് മനസ്സിലാക്കി തരുന്നു. ബാബയ്ക്കറിയാം ഇത് വളരെ മധുരമായ കുട്ടികളാണ്, ഇവരെല്ലാവരും കാമചിതയിലിരുന്ന് എരിഞ്ഞ് ഭസ്മമായിരിക്കുന്നു. വീണ്ടും അവരെ ഉണർത്തുകയാണ്. തീർത്തും തന്നെ തമോപ്രധാന ശവം പോലെയായിരിക്കുന്നു. ബാബയെ അറിയുന്നതേയില്ല. മനുഷ്യരെ ഒന്നിനും കൊള്ളാതെയായിരിക്കുന്നു. മനുഷ്യരുടെ ശരീരം ഒന്നിനും കൊള്ളാതെയായിരിക്കുന്നു. വലിയ ആളുകളുടെ ശരീരം പ്രയോജനമുള്ളതും ദരിദ്രരുടേത് കൊള്ളാത്തതുമാണ്, ഇങ്ങനെയല്ല. മണ്ണ് മണ്ണിലേക്ക് തന്നെ പോകുന്നു അത് ഇനി ആര് തന്നെയായാലും. ചിലർ കത്തിക്കുന്നു, ചിലർ കല്ലറയിൽ അടക്കുന്നു. പാഴ്സികൾ കുഴിയിൽ വയ്ക്കുന്നു പിന്നീട് പക്ഷികൾ വന്ന് മാംസം ഭക്ഷിക്കുന്നു. പിന്നീട് അസ്ഥികൾ അവശേഷിക്കുന്നു. അത് പിന്നെയും പ്രയോജനത്തിൽ വരുന്നു. ലോകത്തിൽ ധാരാളം ആളുകൾ മരിക്കുന്നുണ്ട്. ഇപ്പോൾ നിങ്ങൾക്ക് സ്വയം തന്നെ ശരീരം ഉപേക്ഷിക്കണം. നിങ്ങൾ ഇവിടെ വന്നിരിക്കുന്നത് തന്നെ ശരീരം ഉപേക്ഷിച്ച് തിരിച്ച് വീട്ടിലേക്ക് പോകാനാണ് അർത്ഥം മരിക്കാനാണ്. നിങ്ങൾ സന്തോഷത്തോടെ പോകുന്നു അതായത് ഞങ്ങൾ ജീവൻ മുക്തിയിലേക്ക് പോകും.

ആര് ഏത് ഭാഗം അഭിനയിച്ചോ, അന്തിമം വരേയ്ക്കും അത് തന്നെ അഭിനയിക്കും. ബാബ പുരുഷാർത്ഥം ചെയ്യിപ്പിച്ചുകൊണ്ടിരിക്കും, സാക്ഷിയായി കണ്ടുകൊണ്ടിരിക്കും. ഇതാണെങ്കിൽ അറിവിന്റെ കാര്യമാണ്, ഇതിൽ പേടിക്കേണ്ട ഒരുകാര്യവുമില്ല. നമ്മൾ സ്വർഗ്ഗത്തിലേക്ക് പോകുന്നതിന് വേണ്ടി സ്വയം തന്നെ പുരുഷാർത്ഥം ചെയ്ത് ശരീരം ഉപേക്ഷിക്കുന്നു. ബാബയെ തന്നെ ഓർമ്മിച്ചുകൊണ്ടിരിക്കണം എങ്കിൽ അന്തിമ മനം പോലെ ഗതി ശ്രേഷ്ഠമാകും, ഇതിൽ പരിശ്രമമുണ്ട്. എല്ലാ പഠിത്തത്തിലും പരിശ്രമമുണ്ട്. ഭഗവാന് പഠിപ്പിക്കേണ്ടി വരുന്നു. തീർച്ചയായും പഠിത്തം ഉയർന്നതായിരിക്കും, ഇതിൽ ദൈവീകഗുണവും ആവശ്യമാണ്. ഈ ലക്ഷ്മീ–നാരായണനാകേണ്ടേ. ഇവർ സത്യയുഗത്തിലായിരുന്നു. ഇപ്പോൾ നിങ്ങൾ വീണ്ടും സത്യയുഗീ ദേവതയാകാൻ വന്നിരിക്കുന്നു. ലക്ഷ്യം എത്ര സഹജമാണ്. ത്രിമൂർത്തിയിൽ വ്യക്തമാണ്. ഈ ബ്രഹ്മാവിന്റെയും, വിഷ്ണുവിന്റെയും, ശങ്കരന്റെയുമൊന്നും ചിത്രമില്ലെങ്കിൽ നമുക്ക് എങ്ങനെ മനസ്സിലാക്കി കൊടുക്കാൻ സാധിക്കും. ബ്രഹ്മാവിൽ നിന്ന് വിഷ്ണു, വിഷ്ണുവിൽ നിന്ന് ബ്രഹ്മാവ്. ബ്രഹ്മാവിന് 8 കൈ, 100 കൈ കാണിക്കുന്നുണ്ട് എന്തുകൊണ്ടെന്നാൽ ബ്രഹ്മാവിന് എത്രയധികം കുട്ടികളാണുള്ളത്. അതുകൊണ്ട് അവർ പിന്നീട് ആ ചിത്രമുണ്ടാക്കിയിരിക്കുന്നു. അല്ലാതെ ഇത്രയും കൈകളുള്ള മനുഷ്യർ ഒരിക്കലും ഉണ്ടാകില്ല. 10 തലയുള്ള രാവണനും അർത്ഥമുണ്ട്, ഇങ്ങനെയുള്ള മനുഷ്യൻ ഉണ്ടാകില്ല. ഇത് ബാബ മാത്രമാണ് ഇരുന്ന് മനസ്സിലാക്കി തരുന്നത്, മനുഷ്യർക്കാണെങ്കിൽ ഒന്നും തന്നെ അറിയില്ല. ഇതും കളിയാണ്, ഇതാർക്കും അറിയില്ല അതായത് ഇത് എപ്പോൾ മുതലാണ് ആരംഭിച്ചത്. പരമ്പരകളായെന്ന് പറയുന്നു. അതും എപ്പോൾ മുതൽ? അതുകൊണ്ട് മധുര–മധുരമായ കുട്ടികളെ ബാബ പഠിപ്പിക്കുന്നു, ബാബ ടീച്ചറുമാണ്, ഒപ്പം ഗുരുവുമാണ്. എങ്കിൽ കുട്ടികൾക്കെത്ര സന്തോഷമുണ്ടായിരിക്കണം.

ഈ മ്യൂസിയം തുടങ്ങിയതെല്ലാം ആരുടെ നിർദ്ദേശത്തോടെയാണ് തുറക്കുന്നത്? ഇവിടെയുള്ളത് അച്ഛനും, അമ്മയും കുട്ടികളുമാണ്. കുട്ടികൾ ധാരാളമുണ്ട്. നിർദ്ദേശത്തോടെയാണ് തുറന്നുകൊണ്ടിരിക്കുന്നത്. മനുഷ്യർ പറയാറുണ്ട് നിങ്ങൾ പറയുന്നത് ഭഗവാനുവാചയെന്നാണ് അങ്ങനെയെങ്കിൽ രഥത്തിലൂടെ ഞങ്ങളെ ഭഗവാന്റെ സാക്ഷാത്ക്കാരം ചെയ്യിക്കൂ. നോക്കൂ, നിങ്ങൾ ആത്മാവിന്റെ സാക്ഷാത്ക്കാരം ചെയ്തിട്ടുണ്ടോ? ഇത്രയും ചെറിയ ബിന്ദുവിന്റെ എന്ത് സാക്ഷാത്ക്കാരമാണ് നിങ്ങൾക്ക് ചെയ്യാൻ സാധിക്കുക! ആവശ്യം തന്നെയില്ല. ഇത് ആത്മാവിനെ അറിയേണ്ട കാര്യമാണ്. ആത്മാവ് ഭൃകുടി

മദ്ധ്യത്തിലാണ് ഇരിക്കുന്നത്, അതിന്റെ ആധാരത്തിലാണ് ഇത്രയും വലിയ ശരീരം നടക്കുന്നത്. ഇപ്പോൾ നിങ്ങളുടെ അടുത്ത് പ്രകാശത്തിന്റെയോ, രത്നം പതിച്ചതോ ആയ കിരീടങ്ങളില്ല. രണ്ട് കിരീടങ്ങളും നേടുന്നതിന് വേണ്ടി വീണ്ടും നിങ്ങൾ പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുന്നു. കൽപ-കൽപം നിങ്ങൾ ബാബയിൽ നിന്ന് സമ്പത്തെടുക്കുന്നു. ബാബ ചോദിക്കുന്നു മുൻപ് എപ്പോഴാണ് കണ്ടിട്ടുള്ളത്? അപ്പോൾ പറയുന്നു- ങാ ബാബാ, കൽപ-കൽപം കണ്ടുകൊണ്ടിരിക്കുന്നു. എന്തിന്? ഈ ലക്ഷ്മീ-നാരായണനാകുന്നതിന് വേണ്ടി. ഇത് എല്ലാവരും ഒരേ സ്വരത്തിൽ പറയും. ബാബ പറയുന്നു- നല്ലത്, ശുഭമായി സംസാരിക്കുന്നു, ഇപ്പോൾ പുരുഷാർത്ഥം ചെയ്യൂ. എല്ലാവരും നരനിൽ നിന്ന് നാരയണനാകില്ല, പ്രജകളും വേണം. സത്യനാരായണന്റെ കഥയുമുണ്ട്. മനുഷ്യർ കഥ കേൾപ്പിക്കുന്നുണ്ട്, എന്നാൽ ബുദ്ധിയിൽ ഒന്നും തന്നെ വരുന്നില്ല. നിങ്ങൾ കുട്ടികൾ മനസ്സിലാക്കുന്നു അതാണ് ശാന്തിധാമം, നിരാകാരി ലോകം. പിന്നീട് അവിടെ നിന്ന് പോകും സുഖധാമത്തിലേക്ക്. സുഖധാമത്തിലേക്ക് കൊണ്ട് പോകുന്നത് ഒരേഒരു ബാബയാണ്. നിങ്ങൾ ആർക്കും മനസ്സിലാക്കി കൊടുക്കൂ, പറയൂ ഇപ്പോൾ തിരിച്ച് വീട്ടിലേക്ക് പോകണം. ആത്മാവിനെ തന്റെ വീട്ടിലേക്ക് അശരീരിയായ ബാബ തന്നെ കൊണ്ട് പോകും. ഇപ്പോൾ ബാബ വന്നിരിക്കുന്നു, അവർക്കറിയില്ല. ബാബ പറയുന്നു ഞാൻ ഏത് ശരീരത്തിലാണോ വരുന്നത്, അദ്ദേഹം പോലും അറിയുന്നില്ല. രഥവും ഉണ്ടായിരിക്കില്ലേ. ഓരോ രഥത്തിലും ആത്മാവാണ് പ്രവേശിക്കുന്നത്. എല്ലാവരുടെയും ആത്മാവ് ഭൃകുടി മദ്ധ്യത്തിലാണിരിക്കുന്നത്. ബാബയും വന്ന് ഭൃകുടി മദ്ധ്യത്തിലിരിക്കും. മനസ്സിലാക്കി കൊടുക്കുന്നത് വളരെ സഹജമാണ്. പതിത-പാവനൻ ഒരേഒരു ബാബയാണ്, ബാബയുടെ കുട്ടികളെല്ലാവരും ഒരുപോലെയാണ്. അതിൽ ഓരോരുത്തർക്കും അവരവരുടേതായ പാർട്ടുണ്ട്, ഇതിൽ ആർക്കും ഇടപെടാൻ സാധിക്കില്ല. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരികെ കിട്ടിയ മധുര-മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ഈ ശരീരമാകുന്ന വസ്ത്രത്തിൽ നിന്ന് മമത്വം ഇല്ലാതാക്കി ജീവിച്ചിരിക്കെ മരിക്കണം അർത്ഥം തന്റെ എല്ലാ പഴയ കണക്കുകളും തീർപ്പാക്കണം.

2) ഡബിൾ കിരീടധാരിയാകുന്നതിന് വേണ്ടി പഠിക്കുന്നതിനുള്ള പരിശ്രമം ചെയ്യണം. ദൈവീക ഗുണം ധാരണ ചെയ്യണം. ഏതുപോലെയാണോ ലക്ഷ്യമുള്ളത്, ശുഭ വാക്കുകളുള്ളത്, അതുപോലെ പുരുഷാർത്ഥം ചെയ്യണം.

### വരദാനം:- അമംഗളത്തിന്റെ സങ്കൽപ്പം സമാപ്തമാക്കി അപകാരികളുടെ മേൽ ഉപകാരം ചെയ്യുന്ന ജ്ഞാനീ തൂ ആത്മാവായി ഭവിക്കട്ടെ.

ആരെങ്കിലും നിത്യവും നിങ്ങളെ നിന്ദിക്കട്ടെ, അമംഗളം ചെയ്യട്ടെ, ചീത്ത പറയട്ടെ- അപ്പോഴും അവരെ പ്രതി മനസ്സിൽ വെറുപ്പിന്റെ ഭാവം വരരുത്, അപകാരികളുടെ മേലും ഉപകാരം- ഇത് തന്നെയാണ് ജ്ഞാനീ തൂ-ആത്മാക്കളുടെ കർത്തവ്യം. എങ്ങനെയാണോ താങ്കൾ കുട്ടികൾ 63 ജന്മം ബാബയെ നിന്ദിച്ചു എന്നിട്ടും ബാബ മംഗളകാരി ദൃഷ്ടിയോടെ നോക്കി, അതേപോലെ അച്ഛനെ ഫോളോ ചെയ്യൂ. ജ്ഞാനീ-തൂ ആത്മാവിന്റെ അർത്ഥം തന്നെ ഇതാണ് സർവ്വരെയും പ്രതി മംഗള ഭാവന. അമംഗള സങ്കൽപം അൽപം പോലുമുണ്ടാകരുത്.

### സ്ലോഗൻ:- മൻമനാഭവയുടെ സ്ഥിതിയിൽ സ്ഥിതി ചെയ്യൂ എങ്കിൽ മറ്റുള്ളവരുടെ മനസ്സിലെ ഭാവനകളെ അറിയാൻ കഴിയും.